കേരള സർക്കാർ

# വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2290/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം,
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :06.12.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്
സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2290/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271

email:doekm.ksad@kerala.gov.in
തീയതി :06.12.2017

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ
2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.9.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി : | 15.11.2017 മുതൽ 20.11.2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ ജിനിൽ റോയ് ഡി | ഓഡിറ്റ് ഓഫീസർ |
| ശ്രീ ഷഫീക്ക് എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി കവിത എസ് കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനം ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ കെ.കെ.ജോഷി | 1.4.2016 | 31.03.2017 |
| സെക്രട്ടറി | ശ്രീ കെ പി രഘുനാഥൻ | 1.4.2016 | 15.8.2016 |
| | ശ്രീമതി ശ്രീദേവി കെ നമ്പൂതിരി | 16.8.2016 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. ) | ഡോ. വിമല | 1.4.2016 | 31.3.2017 |
| ശിശുവികസന പ്രൊജക്ട് ഓഫീസർ | ശ്രീമതി മറിയം ബീവി ഒ എം | 1.4.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ശശി ടി.എസ് | 1.4.2016 | 17.8.2016 FN |
| | ശ്രീമതി നിഷ ബി ഷെരീഫ് | 17.8.2016 AN | 31.8.2016 FN |
| | ശ്രീമതി സീന ഷാജു | 31.8.2016 AN | 31.3.2017 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ എൻ സി ഷാജി | 1.4.2016 | 31.3.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ടി വി ബാബു | 1.4.2016 | 31.3.2017 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി അനിതകുമാരി വി | 1.4.2016 | 7.9.2016 FN |
| | ശ്രീമതി മീന കോശി | 7.9.2016 AN | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| | ഭാഗം 3 | |

| | | |
|---|---|---|
| 10 | പദ്ധതി നിർവഹണം – എസ്.സി.ഡി.ഒ അപാകതകൾ | 3-1 |
| 11 | സെക്രട്ടറിയുടെ പ്രോജക്ട് അപാകതകൾ | 3-2 |
| 12 | ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 3-3 |
| 13 | മെഡിക്കൽ ഓഫീസർ- സി.എച്ച്.സി- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-4 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 14 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 15 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 16 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 17 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 18 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 19 | ഓഡിറ്റ് റിക്കവറി | 4-6 |
| 20 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 21 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 22 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 24 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 25 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 26 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

2016-17 വർഷത്തെ ബജറ്റ് 1.3.2016തീയതിലെ 1ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 38,13,54,193 | 38,13,54,193 |
| വാർഷിക കണക്ക് പ്രകാരം | 8,99,95,770 | 8,79,84,646 |
| വ്യത്യാസം | 29,13,58,423 | 29,33,69,547 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്, ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 26.7.2017 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,75,84,508 |
| വരവ് | 8,99,95,770 |
| ആകെ | 12,75,80,278 |
| ചെലവ് | 8,79,84,646 |
| നീക്കിയിരിപ്പ് | 3,95,95,632 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കാതെ ബാക്കിയായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 1,83,21,655 | 1,58,35,596 | 24,86,059 | 86.4% |
| വികസനഫണ്ട്-എസ്.സി.പി. | 1,07,40,858 | 10466072 | 2,74,786 | 97.4% |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 28,52,073 | 2653042 | 1,99,031 | 93.02% |
| വികസനഫണ്ട് - ടി.എസ്.പി. | 1,08,693 | - | 1,08,693 | 0% |

വികസന ഫണ്ട് (ടി.എസ്.പി ) ഇനത്തിൽ ലഭിച്ച ഫണ്ട് ചെലവഴിക്കാത്തത് ശ്രദ്ധേയമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 74 | 4,46,84,639 | 57 | 2,98,67,040 | 14 | 3 | 77% |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പണം വരവ് ഉണ്ടായിരുന്നില്ല.നീക്കിയിരുപ്പായി തുകയൊന്നും ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകൾ, വൗച്ചറുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഇൻകുബെൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2016മുതൽ 26.11.2016വരെ | 2015-16 | 10-5-2017 |
| പെർഫോമൻസ് ഓഡിറ്റ് | 17.8.2017 മുതൽ 25.8.2017 വരെ | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2014 മുതൽ 1.3.2014 വരെ | 2008-09- മുതൽ 2012-13വരെ | 19.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

പഞ്ചായത്തിന്റെ 2016-17 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. സാംഖ്യ അധിഷ്ഠിത കണക്കുകൾ പ്രകാരം IAY PLAN ( SBI cherai – 30372150084) എന്ന അക്കൗണ്ടിന്റെ നീക്കിയിരുപ്പ് 2,81,24,090/- ആണ്. എന്നാൽ പദ്ധതി രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് 2,70,87,455/- രൂപയാണ്. 10,36,635/-രൂപയുടെ വ്യത്യാസം കാണുന്നു. ആയത് പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണം - എസ്.സി.ഡി.ഒ

## അപാകതകൾ

എസ്.സി.ഡി.ഒ നിർവഹണോദ്യോഗസ്ഥനായി എസ്.സി.പി ഫണ്ടുപയോഗിച്ച് 2016-17 വർഷം നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ താഴെപ്പറയുന്നു.

| പ്രോജക്ട് നം പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ബിൽ നം, തീയതി | അപാകത |
|---|---|---|---|
| 34/17 പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് ധനസഹായം | 1,00,000 | 25,000, (2/16-17,31.1.17) 75,000, (5/16-17, 28.2.17) | ആകെയുള്ള നാല് ഗുണഭോക്താക്കളിൽ പള്ളിപ്പുറം പഞ്ചായത്തിൽപ്പെട്ട രാധു എസ്, കീർത്തി വി ആർ എന്നിവർ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടു ണ്ടോയെന്ന് വ്യക്തമല്ല. ലിസ്റ്റോ കമ്മിറ്റി തീരുമാനമോ ഇല്ലാതെയാണ് മേൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയത് . |
| 35/17 എസ്.സി വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം | 5,000 | 5,000, (4/16-17,31.1.17 ) | പദ്ധതിയുടെ ഏക ഗുണഭോക്താവായ എബിൻ കെ ജി ക്ക് ഇതിന് മുമ്പ് ഈ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലായെന്ന് ഞാറയ്ക്കൽ പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകി |

| | | | |
|---|---|---|---|
| 37/17<br>എസ്.സി<br>വിദ്യാർത്ഥികൾക്ക്<br>പഠനമുറി | 22,99,858 | 19,75,300<br>1. 2,00,000-<br>(3/16-17,31.1.17)<br>2. 6,25,000-<br>(6/16-17,<br>20.2.17)<br>3. 2,50,000-<br>(7/16-17, 8.3.17)<br>4. 25,000-<br>(8/16-17,14.3.17)<br>5.1,50,000-<br>(9/16-17,<br>23.3.17)<br>6. 7,25,300-<br>(10/16-17,30.3.17) | പദ്ധതിയുടെ ഗുണഭോക്താക്കളായ 23 പേരിൽ നിന്നും, അവർക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും മുമ്പ് ഈ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലായെന്ന് സ.ഉ 626/16, 15.2.16 പ്രകാരം നിഷ്കർഷിക്കുന്ന സാക്ഷ്യപത്രം വാങ്ങാതെയാണ് പദ്ധതി ആനുകൂല്യം അനുവദിച്ചിരിക്കുന്നത് |

പദ്ധതി ആനുകൂല്യങ്ങൾ ഒരേ വ്യക്തിക്ക് ഒന്നിലധികം തവണ ലഭ്യമാവാതിരിക്കുവാനും അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുവാനും വേണ്ടിയാണ് വകുപ്പിൽ നിന്നും തദ്ദേശസ്ഥാപനത്തിൽ നിന്നുമുള്ള സാക്ഷ്യപത്രം വേണമെന്ന് സർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ സർക്കാർ ഉത്തരവിനനുസൃതമായി പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-2 സെക്രട്ടറിയുടെ പ്രോജക്ട് അപാകതകൾ

1) വിതരണ രേഖയില്ല – തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് തുകകൾ ചെലവഴിച്ചിട്ടുണ്ട് എന്നാൽ ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു (എൻക്വയറി നം-1, മറുപടി ലഭ്യമല്ല) വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | ബിൽ നം | തുക ,ഫണ്ടിനം |
|---|---|---|
| 3/17(പി.എം.എ.വൈ വീട്(16-17) അധികധനസഹായം(ന്യൂനപക്ഷം) | 23/16-17/ 24-3-17 | 1,60,000, വികസനഫണ്ട് |
| 95/17ഐ.എം.എ.വൈ വീട്(15-16) അധികധനസഹായം (എസ്.സി.പി) | 11/16-17/ 27-3-17 | 11,52,000 ,എസ്.സി.പി |
| 98/17ഐ.എം.എ.വൈ വീട്(15-16) പട്ടികജാതി ഗുണഭോക്താക്കൾ ക്ക്അധികധനസഹായം. | 15/16-17 /27-2-17 | 26,13,000, വികസനഫണ്ട് |
| 100/17(പി.എം.എ.വൈ വീട്(16-17) അധികധനസഹായം(പൊതുവിഭാഗം) | 24/16-17 /24-3-17 | 3,20,000 വികസനഫണ്ട് |
| ആകെ | | 42,45,000 |

2) വിനിയോഗ സാക്ഷ്യപത്രമില്ല – തുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്നവയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു (എൻക്വയറി നം-2, മറുപടി ലഭ്യമല്ല) .വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ ,ബിൽ നം, നിർവഹണഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക/ഫണ്ടിനം | വിനിയോഗ സാക്ഷ്യപത്രം നല്കേണ്ടയാൾ |
|---|---|---|

| | | |
|---|---|---|
| 47/17 ( ഗാർഹികബയോഗ്യാസ് -ഞാറയ്ക്കൽ,പള്ളിപ്പുറം,കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം), 10/16-17/21-10-16,സെക്രട്ടറി | 9,01,000രൂപ, വികസനഫണ്ട് ഞാറയ്ക്കൽ-1,48,750രൂപ പള്ളിപ്പുറം-45,4750രൂപ കുഴുപ്പിള്ളി-2,97,500രൂപ | സെക്രട്ടറി ഞാറയ്ക്കൽ, പള്ളിപ്പുറം, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 46/17( ബക്കറ്റ് കമ്പോസ്റ്റ്- എടവനക്കാട്, പള്ളിപ്പുറം, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം),4/16-17 /21-10-16,സെക്രട്ടറി | 6,82,500രൂപ വികസനഫണ്ട് എടവനക്കാട്-49500 പള്ളിപ്പുറം-303000രൂപ കുഴുപ്പിള്ളി-330000 രൂപ | സെക്രട്ടറി എടവനക്കാട്, പള്ളിപ്പുറം, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 45/17 ( ശുചിത്വകക്കൂസ്- നായരമ്പലം ഗ്രാമപഞ്ചായത്തി ന്ബ്ലോക്ക് വിഹിതം നല്കൽ), 3/16-17/21-10-16,സെക്രട്ടറി | 650000രൂപ, വികസനഫണ്ട് | സെക്രട്ടറി, നായരമ്പലം ഗ്രാമപഞ്ചായത്ത് |
| 97/17(സാമൂഹ്യസുരക്ഷ മിഷന് ബ്ലോക്ക് വിഹിതം),18/16-17 /27-2-17,സെക്രട്ടറി | 2,93,195രൂപ, വികസനഫണ്ട് | എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ , |
| 101/17(എം.ജി.എൻ.ആർ.ജി.എസ്സ് പദ്ധതിയുമായി സംയോജിപ്പിച്ച് അംഗണവാടി നിർമ്മാണം – നായരമ്പലം, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം), 12/16-17/27-2-17, സെക്രട്ടറി | 3,00,000രൂപ, വികസനഫണ്ട് (1,50,000x2) | സെക്രട്ടറി, നായരമ്പലം, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 59/17(ഐ.കെ.എമ്മിന് പ്രവർത്തന ഫണ്ട് നല്കൽ 2015-16,16-17),സെക്രട്ടറി | 53,055രൂപ, തനത് ഫണ്ട് | എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം |
| ആകെ | 28,79,750രൂപ | |

# 3-3 ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ വരവായില്ല.

2016-17 വർഷത്തിൽ പഞ്ചായത്തിൽ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിലെ വരവ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഞാറയ്ക്കൽ പ്രോജക്ടുകളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഞാറയ്ക്കൽ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ കണ്ട അപാകതകൾ താഴെ പറയുന്നു

1) 2016-17ൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഞാറയ്ക്കൽ നിർവ്വഹണോദ്യോഗസ്ഥയായി, ഞാറയ്ക്കൽ ഗവ. ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ മുനമ്പം അയ്യമ്പിള്ളി, ഞാറയ്ക്കൽ ഗവ. ആശുപത്രിയിലേയ്ക്ക് വൃദ്ധർക്ക് മരുന്നു വാങ്ങൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മുൻകൂറായി നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് രേഖ | ലഭ്യമായത് | ലഭിക്കാൻ ബാക്കി നിൽക്കുന്നത് | തുക കൈപ്പറ്റിയത് |
|---|---|---|---|---|---|
| പ്രോജക്ട് നം 38/17 (ഞാറയ്ക്കൽ ഗവ. ആശുപത്രിയിലേയ്ക്ക് മരുന്നവാങ്ങൽ | 3,00,000 രൂപ | ബിൽ നം 10/16-17/ 21-12-16 | 1,23,842 | 176158 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തൈക്കാട് |
| പ്രോജക്ട് നം -52/17 ( മുനമ്പം, അയ്യമ്പിള്ളി, ഞാറയ്ക്കൽ ഗവ. ആശുപത്രിയിലേയ്ക്ക് വൃദ്ധർക്ക് മരുന്നവാങ്ങൽ) | 8,00,000രൂപ | ബിൽ നം 11/16-17 /21-12-16 | 3,68,853 | 431147 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തൈക്കാട് |

ബാക്കിനിൽക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2)ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഉപകരണങ്ങൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ | SO.51/17 |
| പ്രോജക്ടിന്റെ പേര് | ഞാറയ്ക്കൽ ഗവ. ആശുപത്രിയിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇൻവർട്ടറും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി ഞാറയ്ക്കൽ |
| ചെലവ് വിവരങ്ങൾ | 1) ബിൽ നം. 12/16-17/19-1-17, 2,00,000രൂപ (റോഡിതരം) |

2016-17 സാമ്പത്തിക വർഷം ഞാറയ്ക്കൽഗവ.ആശുപത്രിയിലേയ്ക്ക് ആവശ്യമായ ഇൻവർട്ടർ,150ah ബാറ്ററി,കമ്പ്യൂട്ടറുകൾ,യു.പി.എസ്, പ്രിന്റർ മുതലായവ കെ.എസ്.ഐ.ഇ,കച്ചേരിപ്പടിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടാതെ സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ സ്ഥാപനങ്ങൾ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റ ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണെന്ന് ജി.ഒ(പി)/1/2006/സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ 31.03.2012ലെ ജി.ഒ(ആർ.ടി)നം.1024/12 /തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറുകൾ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഐ.കെ.എം നിർദ്ദേശമനുസരിച്ച് ഡിജിഎസ്&ഡി റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് ഉറപ്പു വരുത്താനുള്ള ബാധ്യത നിർവ്വഹണഉദ്യോഗസ്ഥർക്കുണ്ട് എന്നാൽ മേൽ പ്രോജക്ട് നടപ്പാക്കിയപ്പോൾ മേൽ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ നടപ്പാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 84,85,616 | പി.എം.എ.വൈ.വിഹിതം 2016-17 | 8,31,561 | 76,54,055 |
| ജില്ലാ പഞ്ചായത്ത് | 1,61,83,780 | പി.എം.എ.വൈ.വിഹിതം 2016-17 | 4,70,065 | 1,57,13,715 |
| ബ്ലോക്ക് പഞ്ചായത്ത് | 50,12,000 | ഐ.എ.വൈ.വിഹിതം 2016-17 | 2,55,680 | 47,56,320 |

ഐ.എ.വൈ. ഭവന പദ്ധതിക്കുവേണ്ടി ഗ്രാമ-ജില്ല-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ചെലവഴിച്ചതിന്റെ കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2016-17 വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ 12-13 സംസ്ഥാന വിഹിതം എറണാകുളംജില്ല സഹകരണ ബാങ്ക് | GO(Rt) No. 90/13/LSGD തീ.14/3/13 | 28,50,000 | 22,80,000 | 22,80,000 | 0 | - |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

2016-17 വാർഷിക കണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | " |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | " |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | " |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | " |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,99,95,770 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,79,84,646 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,24,750 |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 (1)<br>(2) | 42,45,000<br>28,79,750 | ശ്രീമതി ശ്രീദേവി കെ നമ്പൂതിരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| ആകെ | 71,24,750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വി

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98<br>1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2000-01<br>2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 , 13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 , 13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 , 6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 , 6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15&2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ -ഇ.കെ.എം/(ബി.പി.)2290/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
തീയതി.06.12.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഖണ്ഡിക 2-1ൽ പരാമർശിക്കുന്ന അപകാത ഒഴിച്ച് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## APPENDIX 1

No. KSA-EKM/(B.P)2290/2017

Kerala State Audit Department,
District Audit Office, Ernakulam
Date: 06.12.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vyppin Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, Excluding the remarks in para 2-1 of the Audit Report, the Financial Statements of Vyppin Block panchayat for the year 2016-17 properly presents the picture of income and expenditure.

Joint Director
District Audit Office
Ernakulam